# ദിവ്യബോധനം

## മലങ്കര ഓർത്തഡോക്സ് സഭയുടെ
## വിശ്വാസ പരിശീലന കോഴ്സുകൾ

### ദ്വിവത്സര പ്രൊഫിഷ്യൻസി സർട്ടിഫിക്കറ്റ് കോഴ്സ്
### (P.O.C.E.)

## പ്രോസ്പക്ടസ്




ഓർത്തഡോക്സ് വൈദിക സെമിനാരി

പി.ബി. 98. കോട്ടയം - 686001

ഫോൺ: 0481 - 2566526

## SEMINARY FACULTY MEMBERS

Rev. Fr. Dr. O. Thomas (Principal)

H.G. Dr. Mathews Mar Severios

H.G. Dr. Zachariah Mar Aprem

Rev. Fr. Dr. T. J. Joshua (Divyabodhanam Director)

Rev. Fr. Dr. T. I. Varghese

Rev. Fr. Dr. V. P. Varghese

Rev. Fr. Dr. Johns Abraham Konat

Rev. Fr. Dr. M. P. George (Director, Sruti School of Liturgical Music)

Rev. Fr. Dr. Reji Mathews

Rev. Fr. Abraham Oommen

Rev. Fr. Dr. Ninan K. George (Registrar, Divyabodhanam)

Rev. Fr. Jacob Mathew

Rev. Fr. John Thomas Karingattil

Rev. Fr. Mathews John (Librarian)

Rev. Fr. Thomas Amayil

Rev. Fr. Thomas Varghese

Rev. Fr. Jose John (Registrar)

Rev. Fr. Abraham Thomas

Rev. Fr. K. V. Aliyas

## DIVYABODHANAM OFFICE BEARERS

| | | |
|---|---|---|
| President | : | H.G. Dr. Yuhanon Mar Diascoros |
| Dean | : | Fr. Dr. O. Thomas |
| Director | : | Fr. Dr. T. J. Joshua |
| Joint Director | : | Fr. C. C. Cherian |
| Registrar | : | Fr. Dr. Ninan K. George |
| Central Organiser | : | Prof. Dr. Varghese Mathew |
| Office Secretary | : | Jeanne Jacob |

# ദിവ്യബോധനം:
# വിശ്വാസ പഠന പരിശീലന പദ്ധതി

വേദശാസ്ത്ര അഭ്യസനരംഗത്ത് മലങ്കര ഓർത്തഡോക്സ് സഭയുടെ ഒരു നൂതന കാൽവെയ്പ്പായിരുന്നു ദിവ്യബോധനം വിശ്വാസ പഠന പരിശീലന പദ്ധതി. 1983-ൽ പരിശുദ്ധ സുന്നഹദോസ് അംഗീകരിച്ച് 1984 ജൂലൈ മാസം 28-ാം തീയതി ഈ പദ്ധതി ഔദ്യോഗികമായി പ്രവർത്തനമാരംഭിച്ചു. ലോകപ്രശസ്ത വേദശാസ്ത്രജ്ഞനും, ദാർശനികനും, ചിന്തകനും, പൗരസ്ത്യ ആദ്ധ്യാത്മികതയുടെ പ്രവാചകനുമായിരുന്ന ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയാണ് ഇതിന് തുടക്കം കുറിച്ചത്. 25 വർഷം പൂർത്തീകരിച്ച ഈ പദ്ധതിയെ പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാതിരുമേനി തന്റെ 138/2009-ാം നമ്പർ കൽപനയിലൂടെ ഒരു ആത്മീയ പ്രസ്ഥാനമായി പ്രഖ്യാപിച്ചു.

ദിവ്യബോധനം ഒരു സ്വയം പഠനപദ്ധതിയാണ്. പ്രായഭേദമെന്യേ സ്ത്രീ-പുരുഷന്മാർക്ക് ഈ പദ്ധതിയിൽ ചേരാവുന്നതാണ്. ഓർത്തഡോക്സ് വൈദികസെമിനാരിയാണ് ഇതിന്റെ ചുമതല വഹിക്കുന്നത്. ഇടവകതലത്തിൽ ആരംഭിക്കാവുന്ന പഠനകേന്ദ്രങ്ങളിലൂടെയും, കറസ്പോണ്ടൻസ് കോഴ്സിലൂടെയും ഈ പഠനം നടത്താം. മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ പഠനസൗകര്യമുണ്ട്. ഓരോ വിഷയത്തെക്കുറിച്ചും പാഠപുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് നൽകുന്നു.

**കോഴ്സുകൾ**

1. ദ്വിവത്സര പ്രൊഫിഷ്യൻസി സർട്ടിഫിക്കറ്റ് കോഴ്സ് (P.O.C.E.)
2. ദ്വിവത്സര ഡിപ്ലോമ കോഴ്സ് (D.O.C.E.)
3. ത്രിവത്സര ഗ്രാജ്വേറ്റ് കോഴ്സ് (G.O.C.E.)

ദിവ്യബോധനം പഠന കോഴ്സിന് ആകെ 30 ഗ്രന്ഥങ്ങളാണ് പഠിക്കുവാൻ നിർദ്ദേശിക്കപ്പെടുന്നത്. ആദ്യത്തെ പത്തു ഗ്രന്ഥങ്ങളുടെ പഠനം പൂർത്തിയാക്കുന്നവർക്ക് P.O.C.E. സർട്ടിഫിക്കറ്റും രണ്ടാമത്തെ പത്ത് ഗ്രന്ഥങ്ങൾ പൂർത്തിയാക്കുന്നവർക്ക് D.O.C.E. ഡിപ്ലോമായും അടുത്ത പത്ത് ഗ്രന്ഥങ്ങൾ പൂർത്തിയാക്കുന്നവർക്ക് G.O.C.E. ബിരുദവും നൽകുന്നതാണ്. പഠനം പൂർത്തിയാക്കുന്നവരുടെ പ്രത്യേക കഴിവുകൾ പരിഗണിച്ചുകൊണ്ട് പ്രത്യേക പരിശീലനം നൽകി സഭയുടെ വിവിധ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതാണ്.

## കോഴ്സ് ഫീസ്

| | |
|---|---|
| P.O.C.E. | Rs. 250/- |
| D.O.C.E. | Rs. 275/- |
| G.O.C.E. | Rs. 300/- |

പ്രവേശന ഫീസ്, ബുക്ക് ക്ലബ്ബ് അംഗത്വ ഫീസ്, കോൺവൊക്കേഷൻ ഫീസ്, പരീക്ഷാ ഫീസ് എന്നിവ ചേർത്താണ് കോഴ്സ് ഫീസ്.

കുറഞ്ഞത് 10 വിദ്യാർത്ഥികളെങ്കിലും ഉണ്ടെങ്കിൽ ഒരു പഠന യൂണിറ്റ് ഇടവകതലത്തിൽ ആരംഭിക്കാവുന്നതാണ്. ഇതിനാവശ്യമായ നിർദ്ദേശങ്ങളും മറ്റു ക്രമീകരണങ്ങളും ദിവ്യബോധനം കേന്ദ്ര ഓഫീസിൽ നിന്നും ചുമതലപ്പെട്ട ഭദ്രാസന ഡയറക്ടറിൽ നിന്നും ലഭിക്കുന്നതാണ്.

പഠനയൂണിറ്റുമായി ബന്ധപ്പെടുവാൻ സാധിക്കാത്തവർക്ക് നേരിട്ട് കേന്ദ്രവുമായി ബന്ധപ്പെട്ട് കറസ്പോണ്ടൻസ് കോഴ്സിൽ ചേരാവുന്നതാണ്.

## ദിവ്യബോധനം എംബ്ലം

എംബ്ലം സൂക്ഷ്മമായി പരിശോധിക്കുക. ഓർത്തഡോക്സ് വിശ്വാസ പരിശീലന പദ്ധതിയാകുന്ന കവാടം. വിശ്വാസം പ്രായോഗികതലത്തിൽ പരിശീലിപ്പിക്കുക എന്നതാണ് മുഖ്യ ലക്ഷ്യം. അതിലേക്ക് നയിക്കുന്ന ഘടകങ്ങളുടെ പ്രതീകങ്ങൾ. ദൈവിക പരിജ്ഞാനത്തിന്റെ പ്രകാശരശ്മികൾ ഉയരത്തിൽ നിന്നും സഭയിലൂടെ ഇറങ്ങിവരുന്നു. വി. കുർബാനാനുഭവങ്ങളിലൂടെ വളർത്തിയെടുക്കേണ്ട ആരാധനാധിഷ്ഠിതമായ ഭക്തി ജീവിതത്തെ കാണിക്കുന്ന കാസായും വി. അപ്പവും, ദൈവവചനം, മനുഷ്യസേവനം എന്നിവയിലൂടെ ലോകത്തെ പ്രകാശിപ്പിക്കാൻ ഭാരതീയ ശോഭയിൽ കത്തിശോഭിക്കുന്ന വിളക്ക്, ആരാധനയ്ക്കും പഠനത്തിനും സേവനത്തിനും പ്രചോദനം നൽകിക്കൊണ്ടിരിക്കുന്ന ദൈവപുത്രന്റെ രക്ഷയുടെ യാഗപീഠവും പ്രസംഗപീഠവുമാകുന്ന കുരിശ്, സഭയുടെ പുരാതനത്വം സൂചിപ്പിക്കുന്ന പേർഷ്യൻ മാതൃകയിൽ, ഏദൻതോട്ടത്തിൽ നിന്നും വഴിഞ്ഞൊഴുകിയ നാല് ജീവനദികളെ സൂചിപ്പിക്കുന്ന നാല് ശാഖകളോടെ കേന്ദ്രസ്ഥാനത്ത് നിലകൊള്ളുന്നു. സകലത്തിലും വ്യാപരിക്കുന്ന പരിശുദ്ധ റൂഹായുടെ പ്രതീകമായ പ്രാവ് അദൃശ്യനായ പിതാവിന്റെ സ്നേഹകിരണങ്ങളും, പുത്രന്റെ സ്ലീബാ മൂലമുള്ള കൃപയും, പരിശുദ്ധാത്മാവിന്റെ സംബന്ധവും സഹവാസവും അനുസ്മരിപ്പിക്കുന്ന അഗ്നിനാളവും വി. ത്രിത്വസ്മരണ നമ്മിൽ ഉയർത്തുന്നു. സഭയുടെ പരിശുദ്ധാത്മാവും ഗ്രന്ഥവും തമ്മിൽ ബന്ധിപ്പിക്കുന്ന നേർരേഖയും വി. കൂദാശയും സുവിശേഷ പ്രവർത്തനവും തമ്മിൽ

ബന്ധിപ്പിക്കുന്ന നേർരേഖയും കുരിശിനെ കേന്ദ്രബിന്ദുവാക്കിക്കൊണ്ട് പരസ്പരം ബന്ധിപ്പിക്കുന്നു. ഈ പരസ്പര യോജിപ്പിന്റെ അനുഭവം ലോകത്തിന് പകർന്നുകൊടുക്കുവാനുള്ള ഒരു മാധ്യമമാണ് ദിവ്യബോധനം.

## പഠന സമ്പ്രദായം

## 1. POCE - Proficiency in Orthodox Christian Education

### 1. രജിസ്ട്രേഷൻ കാർഡ്

പ്രവേശന ഫാറം പൂരിപ്പിച്ച് 250 രൂപ കോഴ്സ് ഫീസ് ഉൾപ്പെടെ കേന്ദ്ര ഓഫീസിൽ നൽകുമ്പോൾ രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തിയ കാർഡ് ലഭിക്കും. ഇത് വിദ്യാർത്ഥി സൂക്ഷിക്കുകയും വേണം.

### 2. പഠന രീതി

ഓരോ ദിവസവും, സൗകര്യപ്രദമായി ഒരു മണിക്കൂറിൽ കുറയാത്ത സമയം കണ്ടുപിടിച്ച്, സ്വയം പഠനം ഭംഗിയായി പ്രാർത്ഥനാപൂർവ്വം നടത്തുവാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കണം. ആദ്യ ദിവസം പാഠം നല്ലവണ്ണം മനസ്സിരുത്തി വായിക്കുകയും രണ്ടാം ദിവസം പ്രധാന ആശയങ്ങൾ രണ്ടു പേജിൽ കവിയാതെ സംഗ്രഹിച്ച് എഴുതുകയും പ്രാദേശിക അദ്ധ്യാപകന്റെ പരിശോധനയ്ക്കായി ആഴ്ചതോറും മൂന്നു പാഠങ്ങളുടെ പഠന റിപ്പോർട്ടിനു മാത്രം മാറ്റിവച്ചിരിക്കുന്നതിനാൽ വളരെ ശ്രദ്ധയോടെ അത് തയ്യാറാക്കുവാൻ ശ്രദ്ധിക്കണം. പ്രാദേശികാദ്ധ്യാപകൻ ഇവ പരിശോധിച്ച് ഓരോ ആഴ്ചതോറും പഠനസംഗ്രഹത്തിന് പരമാവധി 5-ൽ 3 1/2 മാർക്ക് വീതവും പഠന സംഗ്രഹം കൃത്യമായി നൽകുന്നതിന് 1/2 മാർക്കും ഓരോ ആഴ്ചയിലും നൽകി പഠന സംഗ്രഹം തിരിച്ചേൽപ്പിക്കുന്നതാണ്. വായിക്കുന്ന കാര്യങ്ങൾ വ്യക്തമായി ഗ്രഹിക്കുന്നതിനും അവ മറ്റുള്ളവർക്ക് പകർന്നു കൊടുക്കുന്നതിനും ഈ പഠന സംഗ്രഹം നിങ്ങളെ സഹായിക്കും. വിദ്യാർത്ഥികൾക്ക് പ്രാദേശികാദ്ധ്യാപകനു പരമാവധി ഒരു വിഷയത്തിന് 40-ൽ 32 മാർക്ക് നൽകാവുന്നതാണ്.

### 3. പഠനഗ്രന്ഥങ്ങൾ ലഭിക്കുന്നവിധം

പഠനഗ്രന്ഥങ്ങൾ എല്ലാം ദിവ്യബോധനം ബുക്ക് ക്ലബ്ബ് അംഗത്വം വഴി വിദ്യാർത്ഥികൾക്ക് 30% സൗജന്യത്തിന് ലഭിക്കുന്നതാണ്. യൂണിറ്റുകൾ ഭദ്രാസന ഡയറക്ടറുമായി ബന്ധപ്പെട്ടും പഠനഗ്രന്ഥങ്ങൾ ലഭ്യമാക്കാവുന്നതാണ്. പുസ്തകങ്ങൾ ഓരോ ബാച്ചിലേക്കുമുള്ളത് ഒരുമിച്ചു വാങ്ങുന്നത് ഉചിതമായിരിക്കും.

## 4. ചർച്ചാ ക്ലാസ്സുകൾ

പ്രാദേശികാദ്ധ്യാപകൻ ആഴ്ചതോറുമുള്ള ചർച്ചാ ക്ലാസ്സിന്റെ സമയം, സ്ഥലം എന്നിവ ആ യൂണിറ്റിലെ വിദ്യാർത്ഥികളുമായി ആലോചിച്ച് ക്രമീ കരിക്കുന്നതും ചർച്ചകൾക്ക് നേതൃത്വം നൽകുന്നതുമായിരിക്കും. ചർച്ചാ ക്ലാസ്സിൽ മുഖ്യമായും പാഠങ്ങളുടെ അവസാനം കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ, പാഠങ്ങളിൽ നിന്നും ആവിർഭവിക്കുന്ന ഒറ്റ വാചക മാതൃ കയിലുള്ള ചോദ്യങ്ങളും ഉത്തരങ്ങളും, ആ പാഠങ്ങളിൽ നിന്നും ഉത്ഭവി ക്കുന്ന സംശയങ്ങൾ എന്നിവ ചർച്ച ചെയ്യാവുന്നതാണ്. ഒരു പാഠത്തിന് 30 മിനിട്ട് എന്ന കണക്കിന് ഏകദേശം ഒന്നര മണിക്കൂർ സമയമെങ്കിലും ചർച്ചാക്ലാസ്സ് നടത്തേണ്ടതാണ്. ചർച്ചാക്ലാസ്സിലെ ഹാജരിന് 1/2 മാർക്കും ചർച്ചയിലെ പങ്കാളിത്വത്തിന് 1/2 മാർക്ക് വീതം ഓരോ ആഴ്ചയിലും നൽകണം. വിദ്യാർത്ഥികൾക്ക് പ്രാദേശികാദ്ധ്യാപകൻ പരമാവധി ഒരു വിഷയത്തിന് 10-ൽ 8 സെക്ഷൻ മാർക്കായി നൽകാവുന്നതാണ്.

## 5. സെമിനാർ

വിദ്യാർത്ഥികളുടെ അംഗത്വസംഖ്യ പരിഗണിച്ച് പ്രാദേശിക പഠന കേന്ദ്രങ്ങളിൽവച്ച് മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള സമയവും സ്ഥലവും ക്രമവും അനുസരിച്ച് സെമിനാറുകൾ നടത്തുന്നതാണ്. പൊതുചർച്ച കൾ, സംശയ നിവാരണം എന്നിവ തദവസരത്തിൽ നടത്തുന്നതാണ്. ഇതിൽ എല്ലാ വിദ്യാർത്ഥികളും സംബന്ധിക്കേണ്ടതും ആയതിന് 10 മാർക്ക് നീക്കിവച്ചിട്ടുള്ളതുമാകുന്നു. ഏതെങ്കിലും അത്യാവശ്യ കാരണ ങ്ങളാൽ സെമിനാറിൽ സംബന്ധിക്കുവാൻ കഴിയാതെ വരികയോ സെമി നാർ നടത്താതിരിക്കുകയോ ചെയ്താൽ വിദ്യാർത്ഥികൾക്ക് പ്രാദേശി കാദ്ധ്യാപകന്റെ ശുപാർശപ്രകാരം 5 മാർക്ക് നൽകുന്നതാണ്. അതതു ഭദ്രാസനത്തിൽ തെരഞ്ഞെടുത്ത വൈദികർക്ക് സെമിനാരിയിൽ വച്ച് പരിശീലനം നൽകി സെമിനാറുകൾ നടത്തുവാനുള്ള ക്രമീകരണം ചെയ്യുന്നതാണ്.

6. പഠന സംഗ്രഹം എഴുതുവാൻ കഴിയാത്തവർ പാഠങ്ങളിൽ നിന്നും 'ഒറ്റ വാചക മാതൃക'യിലുള്ള ചോദ്യങ്ങൾ തയ്യാറാക്കി ഉത്തരം കണ്ടെത്തി പഠിക്കണം. കേന്ദ്രത്തിൽ നിന്നും അയച്ചുതരുന്ന ചോദ്യ ങ്ങൾക്കു ഉത്തരം എഴുതുവാൻ ഇതു സഹായിക്കുന്നതാണ്.

## 7. പരീക്ഷ/പ്രബന്ധം

ഓരോ വിഷയവും രണ്ട് മാസംകൊണ്ട് പഠിച്ചു തീരുമ്പോൾ, ആഴ്ച തോറുമുള്ള എട്ട് ചർച്ചാ ക്ലാസ്സുകളിലും പ്രതിദിനമുള്ള സ്വയപഠനത്തിനും പുറമെ സെമിനാറിലും വിദ്യാർത്ഥി സംബന്ധിച്ചിരിക്കണം. ഓരോ

വിഷയവും ഇങ്ങനെ പഠിച്ചുതീർന്നശേഷം തുടർന്നു വരുന്ന ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2 മണിക്കൂർ സമയം കേന്ദ്രത്തിൽ നിന്നുള്ള, പൊതു ചോദ്യാവലി അനുസരിച്ച് എഴുത്തുപരീക്ഷ അതതു പ്രാദേശിക അദ്ധ്യാപകന്റെ ചുമതലയിൽ നടത്തുന്നതാണ്. പ്രായം പരിഗണിച്ച്, പരമാവധി 30 മിനിട്ട് വരെ പരീക്ഷ എഴുതുന്നതിന് കൂടുതൽ സമയം അനുവദിക്കുന്നതാണ്.

പരീക്ഷ എഴുതുവാൻ പ്രയാസമുള്ള വിദ്യാർത്ഥികൾക്ക് പരീക്ഷയ്ക്ക് പകരമായി 3 മുതൽ 5 പേജുകൾ വരെ വീതമുള്ള പ്രബന്ധങ്ങൾ തയ്യാറാക്കി പരീക്ഷാ തീയതിക്കു മുമ്പായി പ്രാദേശികാദ്ധ്യാപകനെ ഏൽപ്പിക്കേണ്ടതാണ്. ഓരോരുത്തരും സ്വയമായി പ്രബന്ധങ്ങൾ തയ്യാറാക്കണം. പ്രബന്ധ വിഷയങ്ങൾ നേരത്തെ തന്നെ കേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്. ഓരോ വിഷയത്തിനും ഇപ്രകാരം നാല് പ്രബന്ധങ്ങൾ പരീക്ഷയ്ക്കു പകരമായി സമർപ്പിക്കേണ്ടതാണ്. എന്നാൽ 60 വയസ്സിന് മുകളിലുള്ളവർ രണ്ടും 45 വയസ്സിനു മുകളിലുള്ളവർ മൂന്നും പ്രബന്ധങ്ങൾ വീതം നൽകിയാൽ മതിയാകും. രജിസ്റ്റർ നമ്പർ പ്രബന്ധത്തിന്റെ ആദ്യപേജിന് മുകളിൽ വലിയ അക്ഷരത്തിൽ തെറ്റുകൂടാതെ എഴുതുക. പേരും സ്ഥലവും എഴുതുവാൻ പാടില്ല. ഉത്തരക്കടലാസും പ്രബന്ധങ്ങളും സെമിനാരി അദ്ധ്യാപകർ പരിശോധിച്ച് മാർക്കിടുന്നതാണ്. 40 മാർക്ക് എഴുത്തു പരീക്ഷയ്ക്ക് അഥവാ പ്രബന്ധത്തിന് നീക്കിവച്ചിരിക്കുന്നു. ഉത്തരക്കടലാസിനോടൊപ്പം കേന്ദ്ര ഓഫീസിൽ നിന്നും ലഭിക്കുന്ന ഫേസിംഗ് ഷീറ്റ് വച്ചിരിക്കേണ്ടതാണ്. പ്രബന്ധങ്ങളും പരീക്ഷകളും പഠനസംഗ്രഹവും ഇംഗ്ലീഷിലോ മലയാളത്തിലോ എഴുതാവുന്നതാണ്.

## 8. വിജയനിർണ്ണയ രീതി

പഠനസംഗ്രഹം / Objective Type ചോദ്യങ്ങൾക്കും ചർച്ചാക്ലാസ്സിനുമായി പ്രാദേശികതലത്തിൽ ഏറ്റവും ചുരുങ്ങിയത് 20 മാർക്ക് ലഭിക്കേണ്ടതാണ്. അതുപോലെ പരീക്ഷ/പ്രബന്ധം ഇതിനു ചുരുങ്ങിയത് 20 മാർക്ക് ലഭിക്കേണ്ടതാണ്. അങ്ങനെ ആകെ 40% മാർക്ക് ലഭിച്ചാൽ മാത്രമേ ഓരോ വിഷയത്തിനും ജയിക്കുകയുള്ളു. തോൽക്കുന്ന വിദ്യാർത്ഥികൾക്ക് വീണ്ടും പ്രബന്ധങ്ങൾ എഴുതി സമർപ്പിച്ച് മാർക്കുകൾ മെച്ചപ്പെടുത്താവുന്നതാണ്. പുനഃപരീക്ഷ ഉണ്ടായിരിക്കുന്നതല്ല.

എല്ലാ വിഷയങ്ങൾക്കുമായി അവസാനം റാങ്ക് നിശ്ചയിക്കുന്നതും, ക്ലാസ്സ് നിർണ്ണയിക്കുന്നതിനും കേന്ദ്രതലത്തിൽ നടത്തുന്ന പരീക്ഷ/പ്രബന്ധത്തിനു ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും.

Grading - 80 (A+), 75 (A), 70 (A-), 65 (B+), 60 (B-), 50 (C+), 45 (C-), 40 (C). ഒന്നും രണ്ടും റാങ്കുകാർക്ക് ക്യാഷ് അവാർഡും മെറിറ്റ് സർട്ടിഫിക്കറ്റും നൽകുന്നതാണ്.

കോഴ്സ് അവസാനത്തിൽ നടത്തുന്ന ദിവ്യബോധനം കോൺവൊക്കേഷനിൽ വച്ച് വിജയികൾക്ക് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും വിതരണം ചെയ്യും.

### 9. ദിവ്യബോധനം കലണ്ടർ

ഓരോ വിഷയവും ആരംഭിക്കുന്ന തീയതി, പരീക്ഷ നടത്തുന്ന തീയതി എന്നിവ കാണിച്ചുകൊണ്ടുള്ള പ്രത്യേകം കലണ്ടർ അനുസരിച്ച് ഈ പഠനം വീഴ്ച കൂടാതെ മുമ്പോട്ട് കൊണ്ടുപോകുവാൻ എല്ലാവരും സഹകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

### 10. ലൈബ്രറി

ഓരോ പഠനകേന്ദ്രത്തോടും ചേർന്ന് ഒരു ചെറിയ ലൈബ്രറി എങ്കിലും സംഘടിപ്പിക്കേണ്ടതിലേക്ക് ദിവ്യബോധനം വിദ്യാർത്ഥികൾ ഉത്സാഹിക്കേണ്ടതാണ്. സഭാസംബന്ധമായ എല്ലാ പ്രസിദ്ധീകരണങ്ങളും ഈ ലൈബ്രറിയിൽ ഉണ്ടായിരിക്കേണ്ടതാണ്. ദിവ്യബോധനം ബുക്ക് ക്ലബ്ബിൽ അംഗത്വമെടുത്തുകൊണ്ട് ലൈബ്രറി ക്രമീകരിക്കാവുന്നതാണ്.

### 11. ദിവ്യബോധനം ബുക്ക് ക്ലബ്ബ്

കോഴ്സ് ഫീ അടയ്ക്കുന്നവർക്ക് ബുക്ക് ക്ലബ്ബ് അംഗത്വം ലഭിക്കുന്നതാണ്.

### 12. കറസ്പോണ്ടൻസ് കോഴ്സ്

ഏതെങ്കിലും പഠനകേന്ദ്രങ്ങളുമായി ബന്ധപ്പെടുവാൻ സാധിക്കാത്തവർക്ക് കേന്ദ്രഓഫീസുമായി ബന്ധപ്പെട്ട് പഠനം നടത്താവുന്നതാണ്. ഓരോ വിഷയത്തിന്റെയും പഠനസംഗ്രഹം ഒന്നിച്ച് കേന്ദ്രഓഫീസിലേക്ക് തപാൽ വഴി അയയ്ക്കണം. അവ തിരിച്ച് നൽകണമെന്നുള്ളവർ സ്റ്റാമ്പ് സഹിതം മേൽവിലാസമെഴുതിയ കവർ കൂടി അയച്ചുതരണം. തപാലിൽ നഷ്ടപ്പെടാതിരിക്കാനായി ഓരോ വിഷയത്തിന്റെയും പ്രബന്ധങ്ങളും പഠനസംഗ്രഹവും ഒന്നിച്ച് രജിസ്ട്രേഡ് പോസ്റ്റ്/അൺരജിസ്ട്രേഡ് പാഴ്സൽ ആയി അയയ്ക്കുന്നതാണ് നല്ലത്.

വിഷയം സംബന്ധിച്ചുള്ള സംശയങ്ങളും തപാൽ വഴി എഴുതി ചോദിക്കാവുന്നതാണ്. അടുത്തുള്ള ഏതെങ്കിലും പഠന യൂണിറ്റുമായി ബന്ധപ്പെട്ട് പരീക്ഷ അതാത് പ്രദേശത്തു തന്നെ എഴുതാവുന്നതാണ്. അതിനു

സൗകര്യപ്പെടുന്നില്ലെങ്കിൽ പ്രബന്ധങ്ങൽ എഴുതിയാൽ മതിയാകും. സെമിനാറുകൾക്ക് പ്രാദേശികകേന്ദ്രത്തിൽ സംബന്ധിക്കേണ്ടതാണ്. ചർച്ചാ ക്ലാസ്സിൽ സംബന്ധിക്കുന്നതിന് പകരമായി ഒരു ഉപന്യാസം പഠിക്കുന്ന വിഷയത്തെ ആസ്പദമാക്കി വിദ്യാർത്ഥി എഴുതി കേന്ദ്രത്തിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്. മറ്റ് വ്യവസ്ഥകളെല്ലാം സാധാരണ വിദ്യാർത്ഥികളെപ്പോലെ കറസ്പോണ്ടൻസ് കോഴ്സുകാർക്കും ബാധകമായിരിക്കും.

## POCE Questions

### കോഴ്സുകൾക്കുള്ള പ്രബന്ധ വിഷയങ്ങൾ (ഉപന്യാസങ്ങൾ)

**ശ്രദ്ധിക്കുക**

ഓരോ ഉപന്യാസവും 3 പേജിൽ കുറയാതെയും 5 പേജിൽ കൂടാതെയും എഴുതണം.

60 വയസ്സിന് മുകളിലുള്ളവർ രണ്ട്. 45 വയസ്സിന് മുകളിലുള്ളവർ മൂന്ന്, ബാക്കിയെല്ലാവരും നാല് എന്നീ ക്രമത്തിൽ ഉപന്യാസങ്ങൾ എഴുതണം. അതാതു വിഷയത്തിന്റെ പരീക്ഷ തീയതിക്കു മുമ്പായി ഉപന്യാസങ്ങൾ എഴുതി തീർത്തു പ്രാദേശികാദ്ധ്യാപകനെ ഏൽപ്പിക്കുകയോ നേരിട്ട് അയച്ചുതരികയോ ചെയ്യണം. ദിവ്യബോധനം പരീക്ഷയ്ക്ക് പകരമായി ഈ പ്രബന്ധങ്ങൾ കണക്കാക്കുന്നതാണ്.

## A. POCE

**വിഷയം - 1 പുതിയനിയമം**
**ഗ്രന്ഥം: പ്രകാശത്തിലേക്ക്**
**ഗ്രന്ഥകർത്താവ്: ഫാ. ടി. ജെ. ജോഷ്വാ**

1. സുവിശേഷത്തെയും ക്രിസ്തീയസഭയേയും സ്വാധീനിച്ചിട്ടുള്ള ചരിത്രപശ്ചാത്തലങ്ങൾ ഏതെല്ലാമെന്ന് വിവരിക്കുക.

2. സമവീക്ഷണ സുവിശേഷങ്ങളിലെ ദൈവശാസ്ത്രത്തെപ്പറ്റി വിശദമാക്കുക?

3. സമവീക്ഷണ സുവിശേഷങ്ങളിൽ യേശുവിനെ എങ്ങനെ ചിത്രീകരിക്കുന്നു? ഉപയോഗിച്ചിരിക്കുന്ന പേരുകളും അവയുടെ അർത്ഥങ്ങളും വിശദീകരിക്കുക?

4. യോഹന്നാൻ എഴുതിയ സുവിശേഷത്തിന്റെ “വിവാദാത്മകമായ ലക്ഷ്യം” എന്തെന്ന് വിവരിക്കുക?

## വിഷയം - 2 സഭാചരിത്രം
## ഗ്രന്ഥം: സഭ വളരുന്നു
## ഗ്രന്ഥകർത്താവ്: ഫാ. ഡോ. വി. സി. ശാമുവേൽ

1. മലങ്കരസഭയുടെ പേർഷ്യൻ ബന്ധം വിശദമാക്കുക?

2. പേർഷ്യൻ സഭയിലെ കാതോലിക്കാ സ്ഥാപനത്തിലേയ്ക്ക് നയിച്ച സാഹചര്യങ്ങൾ വിവരിക്കുക.

3. ഉദയംപേരൂർ സുന്നഹദോസിന് മുമ്പും പിമ്പും മലങ്കരയിൽ അരങ്ങേറിയ സംഭവങ്ങളെക്കുറിച്ച് വിശകലനം ചെയ്യുക.

4. 1653-ലെ വിപ്ലവം മലങ്കരസഭയുടെ ഗതിവിഗതികളിൽ വഴിത്തിരിവുണ്ടാക്കി; ഈ പ്രസ്താവനയോടുള്ള പ്രതികരണമെന്ത്?

## വിഷയം - 3 പഴയനിയമം
## ഗ്രന്ഥം: പ്രത്യാശാകിരണങ്ങൾ
## ഗ്രന്ഥകർത്താവ്: റവ. ഡോ. ഏബ്രഹാം ജോർജ് കല്ലറയ്ക്കൽ

1. ഏബ്രായ തിരുവെഴുത്തുകളുടെ പ്രധാന വിഭാഗങ്ങൾ ഏവ? ഓരോന്നിലും ഉൾക്കൊള്ളുന്ന പുസ്തകങ്ങൾ? ഏബ്രായ ഗ്രന്ഥത്തിൽ കാണുന്ന ക്രമത്തിൽ നിന്നും ഇന്നത്തെ ഇംഗ്ലീഷ് വേദപുസ്തകത്തിൽ എന്തു മാറ്റം വരുത്തിയിരിക്കുന്നു.?

2. അപ്പോക്രിഫാ പുസ്തകങ്ങൾ ഏവ? അവയുടെ പ്രാധാന്യം വിവരിക്കുക?

3. വേദപുസ്തകത്തിന്റെ ആവശ്യകത എന്ത്? വിവിധ വ്യാഖ്യാന രീതികളെപ്പറ്റി ഉപന്യസിക്കുക?

4. യഹൂദാ സമൂഹത്തിലെ വിവിധ വിഭാഗങ്ങൾ ഏതെല്ലാം? ഇവയുടെ പ്രത്യേകതകൾ വിവരിക്കുക?

## വിഷയം - 4 വേദശാസ്ത്രം
## ഗ്രന്ഥം: വേദശാസ്ത്രവീഥിയിൽ
## ഗ്രന്ഥകർത്താവ്: വെരി. റവ. ഡോ. മാത്യു വൈദ്യൻ കോർ എപ്പിസ്കോപ്പ

1. ക്രിസ്തീയ വേദശാസ്ത്ര പഠനത്തിന് അറിഞ്ഞിരിക്കേണ്ട പൊതു തത്വങ്ങളെക്കുറിച്ച് സഭാപിതാക്കന്മാർ നൽകുന്ന ഉൾക്കാഴ്ചകൾ എന്തെല്ലാം?

2. ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹം, മനുഷ്യനു ദൈവത്തോടുള്ള സ്നേഹം, മനുഷ്യനു തമ്മിൽ തമ്മിലുള്ള സ്നേഹം - ഇവയെപ്പറ്റിയുള്ള പുതിയനിയമ ചിന്തകൾ സംഗ്രഹിച്ചെഴുതുക?

3. 'അറുക്കപ്പെട്ട കുഞ്ഞാട്', 'കഷ്ടപ്പെടുന്ന ദാസൻ' എന്നീ പഴയനിയമ പ്രതിരൂപങ്ങൾ എപ്രകാരം അർത്ഥവത്തായി? ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ ഇവ എങ്ങനെ സ്വാധീനം ചെലുത്തും?

4. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വി. പൗലോസിന്റെ വ്യാഖ്യാനം വിവരിക്കുക?

### വിഷയം - 5 സഭ, പൗരോഹിത്യം, കൂദാശകൾ
### ഗ്രന്ഥം: ജനതകളുടെ പ്രകാശം
### ഗ്രന്ഥകർത്താവ്: ഫാ. ഡോ. കെ. എം. ജോർജ്ജ്

1. സഭയുടെ ഐക്യത്തിന്റെ പരമമായ മാതൃക എന്ത്? ഓർത്തഡോക്സ് സഭകൾ വി. കുർബ്ബാനയെ ഐക്യത്തിലേയ്ക്കുള്ള ചവിട്ടുപടിയായി കാണാതെ അതിന്റെ പൂർത്തീകരണമായി കാണുന്നത് എന്തുകൊണ്ട്?

2. സഭയും നോഹയുടെ പെട്ടകവും തമ്മിലുള്ള ബന്ധം വിശദമാക്കുക?

3. അപ്പോസ്തോലിക പിന്തുടർച്ചയെ ശരിയായി വ്യാഖ്യാനിച്ച് വസ്തുനിഷ്ഠമായി അപഗ്രഥിക്കുക?

4. വി. കുർബ്ബാനയുടെ പ്രാധാന്യവും അർത്ഥവും വിശദീകരിച്ച് എഴുതുക? വി. കുർബ്ബാനയിൽ അനാഫോറയുടെ പ്രാധാന്യം വിവരിക്കുക?

### വിഷയം - 6 വിശ്വാസ സത്യങ്ങൾ - താരതമ്യപഠനം
### ഗ്രന്ഥം: വിശ്വാസദീപ്തി
### ഗ്രന്ഥകർത്താവ് - ഗീവർഗീസ് മാർ ഒസ്താത്തിയോസ്

1. ക്രൈസ്തവ സഭാവിഭാഗങ്ങളും ഓർത്തഡോക്സിയും വിശദമാക്കുക?

2. അപ്പോസ്തോലിക പിതാക്കന്മാരും വിശ്വാസസ്ഥാപനവാദക്കാരും അവരുടെ സത്യവിശ്വാസ സംരക്ഷണ വാദങ്ങളും വിശദമാക്കുക?

3. കൽക്കദോന്യ സുന്നഹദോസ് മുതൽ നിഖ്യായിലെ രണ്ടാം സുന്നഹദോസ് വരെയുള്ള നാല് സുന്നഹദോസുകളും ഓറിയന്റൽ ഓർത്തഡോക്സ് സഭയും. വിവരിക്കുക?

4. പാപ്പായുടെ പരമാധികാരവാദം ശരിയോ? വേദപുസ്തകാടിസ്ഥാനത്തിൽ വിശദമാക്കുക?

## വിഷയം - 7 സഭാപിതാക്കന്മാർ
## ഗ്രന്ഥം: സാക്ഷികളുടെ സമൂഹം
## ഗ്രന്ഥകർത്താവ്: ഫാ. ഡോ. ജേക്കബ് കുര്യൻ

1. അപ്പോസ്തോലനായ പൗലോസിന്റെ ജീവിതവും മിഷനറി പ്രവർത്തനങ്ങളും വിവരിക്കുക?

2. നാസിയാൻസിലെ വി. ഗ്രീഗോറിയോസ്, നിസായിലെ വി. ഗ്രിഗോറിയോസ്, സ്വർണ്ണനാവുകാരൻ ഈവാനിയോസ് എന്നിവരുടെ ജീവിതവും സംഭാവനകളും സഭയെ സ്വാധീനിച്ചതെങ്ങനെ?

3. "രക്തസാക്ഷികളില്ലാത്ത സഭ ഒരു പരാജയമാണ്." ആദിമ രക്തസാക്ഷികൾ എന്ന അദ്ധ്യായവുമായി ബന്ധപ്പെട്ട് ഈ അഭിപ്രായത്തോടുള്ള പ്രതികരണം എഴുതുക?

4. ക്രിസ്തീയ സഭയിലെ ആദ്യകാല അബദ്ധോപദേശങ്ങളും അവയ്ക്കെതിരെ പോരാടിയ പിതാക്കന്മാരും. ഉപന്യസിക്കുക?

## വിഷയം - 8 ആരാധന
## ഗ്രന്ഥം: അബ്ബാ പിതാവേ
## ഗ്രന്ഥകർത്താവ്: ഫാ. ഡോ. ബി. വർഗ്ഗീസ്

1. ക്രിസ്തീയ ആരാധനയുടെ യഹൂദ പശ്ചാത്തലം വിശകലനം ചെയ്യുക?

2. വിശുദ്ധ കുർബ്ബാനയുടെ പുതിയനിയമ ആചരണവും നാലാം നൂറ്റാണ്ടുവരെയുള്ള വളർച്ചയും. ഉപന്യസിക്കുക?

3. വിവിധ ഓർത്തഡോക്സ് സഭകളുടെ ആരാധനാ ഘടനകളെക്കുറിച്ച് സമർത്ഥിക്കുക.

4. ക്രിസ്തീയ ജീവിതത്തിൽ ആരാധനയുടെയും വി. കൂദാശകളുടെയും സ്ഥാനവും അർത്ഥവും വിശദീകരിക്കുക?

## വിഷയം - 9 സഭയിൽ വിശ്വാസികളുടെ പങ്കാളിത്തം
## ഗ്രന്ഥം: ദൈവജനം
## ഗ്രന്ഥകർത്താവ്: ഫാ. സി. സി. ചെറിയാൻ

1. പഴയ-പുതിയനിയമത്തിലെ 'ദൈവജനം'എന്ന ആശയത്തിന്റെ അർത്ഥവ്യാപ്തി വിശദമാക്കുക.

2. ആദിമസഭ വൈദികർക്കും അയ്മേനികൾക്കും നൽകിയിരുന്ന സ്ഥാനം എപ്രകാരമായിരുന്നു. വൈദിക-അയ്മേനി ബന്ധം ആരാധന, ഭരണം, ശിക്ഷാനടപടികൾ എന്നിവയുടെ വെളിച്ചത്തിൽ വിലയിരുത്തുക.

3. 20-ാം നൂറ്റാണ്ടിലെ മലങ്കര ഓർത്തഡോക്സ് സഭയിലെ 'ദൈവ ജന' പങ്കാളിത്തം മുൻകാലങ്ങളിലെ പങ്കാളിത്തത്വത്തിന്റെ അടിസ്ഥാന ത്തിൽ താരതമ്യപ്പെടുത്തുക.

4. സഭയിലെ സ്ത്രീ പങ്കാളിത്തത്വത്തിന്റെ വേദശാസ്ത്ര വീക്ഷണം എന്ത്? ആധുനികസഭയിൽ സ്ത്രീപങ്കാളിത്തം എങ്ങനെ? പുതിയ നിർദ്ദേ ശങ്ങൾ സമർപ്പിക്കുക.

### വിഷയം - 10 കൗൺസലിംഗ്
### ഗ്രന്ഥം: ജീവിതപാതയിൽ
### ഗ്രന്ഥകർത്താവ്: ഫാ. ഡോ. ഒ. തോമസ്

1. മനഃശ്ശാസ്ത്രം എന്നത് നിർവ്വചനങ്ങളിലൂടെ വ്യക്തമാക്കുക? മനഃശാസ്ത്ര ത്തിലെ വിവിധ ശാഖകളും അവയുടെ പ്രത്യേകതകളും വിശദീകരിക്കുക?

2. ബുദ്ധിപരമെന്നതിനേക്കാൾ വൈകാരിക ഭാവങ്ങളാണ് കൗൺസലിംഗിന് അടിസ്ഥാനമായിരിക്കുന്നത്. ഈ പ്രസ്താവന വിശദമാക്കുക?

3. ശാരീരിക രോഗവും മാനസിക അസ്വസ്ഥതയും തമ്മിൽ എങ്ങനെ ബന്ധ പ്പെട്ടിരിക്കുന്നു എന്ന് ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കുക?

4. അബോധമനസ്സിന്റെ പ്രതിരോധ സംവിധാനങ്ങൾ എന്നാൽ എന്താണ്? അവ വ്യക്തിത്വ വികാസത്തെ എങ്ങനെ തടസ്സപ്പെടുത്തുന്നു?

# POCE English Question

**Book One: IN THE FULLNESS OF TIME (Fr. Dr. T. J. Joshua)**

1. How did historical events influence the writing of the New Testament and the Christian Church?

2. Write in detail about the theological themes in the Synoptic Gospels?

3. How the Synoptic Gospels do portray Jesus? What are the titles used for Jesus and explain their meanings.

4. What are the controversial objectives of St. John's Gospel? Explain?

**Book Two: THE GROWING CHURCH (Fr. Dr. V. C. Samuel)**

1. Explain in details about connections of the Malankara Church with Persian Church?

2. What are the factors that lead to the formation of the Catholicate in the Persian Church?

3. Explain in details the events that lead up to the Synod of Diamper (Udayamperoor). What are the consequences?

4. The revolutionary events of 1653 lead to important turning point in the life of the Malankara Church. Comment on this proposition.

**Book Three: THE RAYS OF HOPE (Rev. Dr. Kallarakkal Abraham George)**

1. What are the important sections of the Hebrew Scriptures? Name the books included in each sections. What are the differences introduced in the English versions of the Hebrew Scriptures?

2. Name the books including under the term of Apocrypha? Explain the significances of these books?

3. What is the need of the Holy Scriptures? Write an essay on the ways of interpretation of the Holy Scriptures.

4. Which are the important groups with in Judaism? What are its important characteristics?

**Book Four: THINKING ABOUT GOD (V. Rev. Fr. Mathew Vaidyan Cor-Episcopa)**

1. What are the General principles by the church father's, which are necessary for the study of theology?

2. Write briefly about the concepts of God's love for human beings, man's love to God and the love of man for man as provided in the New Testament.

3. How did the terms 'the slaughtered lamb', 'the suffering servants' attain significance in the Old Testament. How should these titles influence a Christian life?

4. Write in details about the Holy Spirit as interpreted by St. Paul?

**Book Five: LIGHT TO THE NATIONS (Fr. K. M. George)**

1. What is the paradigm for church unity? Why do the orthodox churches

name the holy Eucharist as the culmination of ecumenical relations and not as a stepping stone?

2. Write in detail on the church and its relationship to Noah's Ark?

3. Comment on details with evidence on proper interpretation of apostolic succession?

4. Write in detail on the importance of holy Eucharist and its significances. Explain in details the importance of the anaphora in Eucharist.

**Book Six: THE RADIANCE OF FAITH (H. G. Dr. Geevarghese Mar Osthathios)**

1. Explain about the various Christian Churches and the term 'Orthodoxy.'

2. Write in detail on the apostolic fathers, the father of faith and the arguments they offered to support Christian believers?

3. Explain in detail the relationship of the Oriental Orthodox Churches to the four councils from the Council of Chalcedon to the second Council of Nicea?

4. Is the Pope's infallibility Biblical? Explain in the light of Holy Scriptures.

**Book Seven: CLOUD OF WITNESS (Fr. Dr. Jacob Kurian)**

1. Write in detail on the life and missionary works of St. Paul?

2. How did the life and contributions of St. Gregory of Nasiance, St. Gregory of Nissa and St. John Chrysostom influence the Church?

3. "The church without martyrs is failure." Write comment on this proposal as explained under the titles of this book.

4. Write an essay on the heresies in early church and those who struggle against them?

**Book Eight: (ABBA FATHER (Fr. Dr. B. Varghese)**

1. Write in detail the Jewish background of Christian worship?

2. Write an essay on the New Testament background of the Holy Eucharist and its developments up to the fourth century A.D.?

3. Discuss the various orders of worship in the different Orthodox Churches?

4. What is the place and significance of worship in the life of Christians?

**Book Nine: THE PEOPLE OF GOD (Fr. C. C. Cherian)**

1. Explain in detail the concept of the People of God in the Old-New Testaments?

2. What are the positions given to the clergy and laity in the early church? Evaluate the clergy-laity relationship in the light of the church's worship, administration and discipline.

3. Contrast the role of the People of God in the Malankara Orthodox Church in $20^{th}$ century and period preceedings.

4. What is the concept of the role of women's in church from theological perspective? How can women play their role in today's church life?

**Book Ten: ON THE ROAD TO LIFE (Fr. Dr. O. Thomas)**

1. Define Psychology by analyzing its various interpretations. Explain about the various branches of Psychology and their characteristics?

2. "Emotional percepts are more fundamental for counseling than class counseling." Explain this proposition in detail?

3. Explain with example how Physical diseases contribute to one's mental distention.

4. What are diffensive mechanisms of the Sub conscious mind? How do they affect the development of one's personality?

എല്ലാ എഴുത്തുകുത്തുകളും നിങ്ങളുടെ
രജിസ്ട്രേഷൻ നമ്പർ സഹിതം താഴെ കാണുന്ന വിലാസത്തിൽ
ആയിരിക്കണം.

**THE REGISTRAR**
**DIVYA BODHANAM**
Orthodox Theological Seminary P.B. No. 98
Chungam, Kottayam - 686001, Kerala
Phone (Orthodox Seminary) 0481 - 2566526, 0481 - 2568083
web: www.divyabodhanam.org
www.ots.edu.in
Email: divyabodhanamots@gmail.com